കുട്ടികൾക്കാവശ്യമായ ബഞ്ച്, ഡസ്ക്ക് പഠനമേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും ലൈബ്രറി, റഫറൻസ് പുസ്തകങ്ങൾ, ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂളുകൾക്കാവശ്യമായ സയൻസ്/കമ്പ്യൂട്ടർ ലാബുകൾ, കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ ടെലിവിഷൻ എന്നിവയും, കുട്ടികൾക്ക് കായിക പരിശീലനത്തിനായുള്ള വിവിധ പദ്ധതികളും ഇതിനാവശ്യമായ ഉപകരണങ്ങൾ/യൂണിഫോം എന്നിവയും ഈ പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നു.

സുഗന്ധഗിരി, പൂക്കോട്കുന്ന് കുടിവെള്ള പദ്ധതി

118 (5929) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ സുഗന്ധഗിരി, പൂക്കോട്കുന്ന് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(ബി)പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾ എന്നേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ സുഗന്ധഗിരി, പൂക്കോട്കുന്ന് കുടിവെള്ള പദ്ധതിയിൽ നിലവിൽ ടാപ്പ് കണക്ഷൻ, വൈദ്യുതി കണക്ഷൻ ഒഴികെയുള്ള മുഴുവൻ പ്രവർത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതികൾ 2015 ഡിസംബർ മാസത്തോടെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഗോത്രവർഗ്ഗ കലാമേളയും പൈതൃകോത്സവും

119 (5930) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഗോത്രവർഗ്ഗ കലാമേളയും പൈതൃകോത്സവും സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിന്റെ പ്രവർത്തനത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഗോത്രവർഗ്ഗ കലാമേളയും പൈതൃകോത്സവും സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ വിവിധ ജില്ലകളിൽനിന്നുള്ള പട്ടികജാതി പട്ടികവർഗ്ഗ സമുദായക്കാരുടെ തനതു കലാരൂപങ്ങൾ ആസ്വാദകർക്ക് മുന്നിലെത്തിക്കുന്നതിനും അന്യം നിന്നുകൊണ്ടിരിക്കുന്ന ഗോത്രവർഗ്ഗ കലകൾ പരിപോഷിപ്പിക്കുന്നതിനും അവ പൊതുസമൂഹത്തിന് പരിചയപ്പെടുത്തി കൊടുക്കുന്നതിനും അതിലൂടെ ടി കലാരൂപങ്ങൾ നിലനിർത്തുന്നതിനുമാണ് ഗോത്രവർഗ്ഗ കലാമേള സംഘടിപ്പിക്കുന്നത്.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സൊസൈറ്റികളായോ, കൂട്ടുസംരംഭങ്ങളായോ, വ്യക്തിപരമായോ തുടങ്ങിയിട്ടുള്ള സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ആയത് വിറ്റഴിക്കുന്നതിനുള്ള അവസരമൊരുക്കുകയും ഇതിലൂടെ ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനാണ് പൈതൃകോത്സവം സംഘടിപ്പിക്കുന്നത്.

(സി) എല്ലാ സാമ്പത്തിക വർഷവും സർക്കാർ നിശ്ചയിക്കുന്ന രണ്ട് ജില്ലകളിലാണ് പൈതൃകോത്സവം സംഘടിപ്പിച്ചുവരുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിലാണ് പൈതൃകോത്സവം സംഘടിപ്പിച്ചത്. ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ രണ്ട് ജില്ലകൾ തെരഞ്ഞെടുത്ത് പൈതൃകോത്സവം സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതികൾ

120 (5932) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly